**Mathrubhumi**

**17 June 2018**

**Kochi: Heavy rain, Flood**



# പേരണ്ടൂർ കനാലിലെ പോള നീക്കിയില്ല

# കോളനികൾ വെള്ളത്തിൽ

കൊച്ചി ▸ പേരണ്ടൂർ കനാൽ തീരത്ത് വെള്ളം കയറി ജനങ്ങൾ ദുരിതം അനുഭവിക്കുമ്പോഴും കൊച്ചി നഗരസഭ കനാൽ നവീകരണ പദ്ധതി തുടങ്ങുന്നില്ല. 'അമൃത്' പദ്ധതിയിൽ ഉൾപ്പെടുത്തി 16 കോടി രൂപ ചെലവഴിച്ചാണ് കനാൽ നവീകരണം നടത്താൻ പോകുന്നത്. വലിയ പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി കനാലിലെ പോള നീക്കൽ ഒരാഴ്ചയ്ക്കുള്ളിൽ തുടങ്ങാൻ നഗരസഭാ കൗൺസിൽ യോഗം തീരുമാനിച്ചിരുന്നു. എന്നാൽ അതിനുള്ള നടപടികൾ ഇനിയും തുടങ്ങിയിട്ടില്ല.

പോള തിങ്ങി കനാലിലെ നീരൊഴുക്ക് തടസ്സപ്പെട്ടതിനാൽ പേരണ്ടൂർ കനാലിന്റെ അരികിലുള്ള പി.ആൻഡ് ടി. കോളനി, കമ്മട്ടിപ്പാടം, ഉദയ കോളനി എന്നിവിടങ്ങൾ വെള്ളത്തിലാണ്.

കനാലിൽനിന്ന് പോള നീക്കുന്നത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്നാണ് ഉദ്യോഗസ്ഥർ നൽകുന്ന വിശദീകരണം. പോള നീക്കി ഉടനെ നീരൊഴുക്ക് സുഗമമാക്കിയില്ലെങ്കിൽ കനാൽ തീരത്തുള്ളവർക്ക് മഴക്കാലത്ത് ജീവിക്കാൻ സാധിക്കാത്ത അവസ്ഥ വരും. കനാൽ നവീകരണം സംബന്ധിച്ച ഫയൽ ഇതുവരെ എൻജിനീയറിങ് വിഭാഗത്തിലേക്ക് എത്തിയിട്ടുപോലുമില്ല.

നഗരസഭ ഫയൽ വെച്ച് താമസിപ്പിക്കുമ്പോൾ, പാവപ്പെട്ട ജനങ്ങൾ ദുരിതം അനുഭവിക്കുകയാണ്. വേനൽക്കാലത്തുതന്നെ തുടങ്ങേണ്ടിയിരുന്നതാണ് പദ്ധതി. നഗരസഭയുടെ മെല്ലെപ്പോക്കുമൂലം വൈകിയാണ് നടപടികൾ പൂർത്തിയായത്. മഴക്കാലത്ത് പണി തുടങ്ങിയാൽ ചെളികോരലിൽ കൃത്രിമം കാട്ടുമെന്ന് വാദിക്കുന്നവരുമുണ്ട്.

മഴക്കാലത്തിന് മുമ്പേ തുടങ്ങേണ്ട പദ്ധതി, അതുവരെ നീട്ടിക്കൊണ്ടുപോയശേഷം, മഴക്കാലമായതുകൊണ്ട് ഇപ്പോൾ ചെയ്യാൻ പറ്റില്ലെന്ന് പറയുന്ന സ്ഥിതിയാണ്.

കാനാൽ തീരത്തെ കോളനിയിലെ വീടുകളിലെല്ലാം തികളാഴ്ച വെള്ളം കയറിയിരിക്കുകയാണ്. മഴ കനക്കുന്നതോടെ ഇവിടെയുള്ളവർക്ക് തങ്ങളുടെ കൂരകൾ ഉപേക്ഷിച്ച് പോകേണ്ടിവരുന്ന അവസ്ഥയാണ്.

▶ പേരണ്ടൂർ കനാലിൽ നീരൊഴുക്ക് തടസപ്പെട്ടതിനെ തുടർന്ന് പി. ആൻഡ് ടി. കോളനിയിൽ വെള്ളംകയറിയ നിലയിൽ